**<u>തദ്ദേശ സ്വയംഭരണവകുപ്പ്-ഇടുക്കി ഉപജില്ല സിറ്റിസൺ അദാലത്ത്-2</u>**
**<u>നെടുങ്കണ്ടം</u>**

**<u>അദീലത്ത് തിയ്യതി .11.11.2025</u>**

**ഉത്തരവ് നമ്പർBPIDK20589000034/IVO2/LSGD-ഇടുക്കി**

**തിയതി: 11.11.2025**

**<u>പരാതി വിഷയം</u>**

നെടുങ്കണ്ടം പഞ്ചായത്തിൽ ശ്രീ അനീഷ് കുമാർ,ആക്കാനാത്ത് വീട്, ചോറ്റുപാറ പി.ഒ എന്നയാൾകെട്ടിടനിർമ്മാണ പെർമിറ്റിനിന് നല്കിയിരുന്ന അപേക്ഷയിൽ അനുമതി ലഭിച്ചില്ലായെന്നതാണ് പരാതി വിഷയം

**<u>അസി.എഞ്ചിനീയറുടെ റിപ്പോർട്ട്</u>**

121.1 ച.മീ വിസ്തീർണ്ണമുള്ള പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ അപേക്ഷയിൽ പരിശോധന നടത്തിയതിൽ 1993 ലെ ഭൂ പതിവ് ചട്ട പ്രകാരം ലഭിച്ച ഭൂമിയിലാണ് കെട്ടിടമെന്നും,ടി ചട്ട പ്രകാരം സ്വന്തം വാസഗൃഹത്തിനും കൃഷിയ്ക്കും,ചെറിയകടകൾക്കും മാത്രമാണ് നിർമ്മാണാനുമതിയുള്ളതെന്നും ആയതിനാല് A2 വാസ ഗൃഹ ഗണത്തില് വരുന്ന ഇ കെട്ടിട നിര് മ്മാണത്തിനുള്ള അപേക്ഷ പരിഗണിക്കാന് കഴിയില്ല എന്നും വ്യക്തമാക്കിയിരിയ്ക്കുന്നു.വ്യക്തമാക്കിയിരിയ്ക്കുന്നു.

**<u>സെക്രട്ടറിയുടെ റിപ്പോർട്ട്</u>**

അസി.എഞ്ചിനീയറുടെ റിപ്പോർട്ട് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 16.11.2009 തിയതിയിലെ സർക്കാർ ഉത്തരവ്(കയ്യെഴുത്ത്) നം. 450/2009 പ്രകാരമുള്ളതാണെന്നും ഇതുപ്രകാരം ഹൌസ് സൈറ്റ്സ് ആൻഡ് ഷോപ്പ് സൈറ്റ്സ് എന്നാണ് ചട്ടത്തിലുള്ളതെന്നും രണ്ടിന്റെയും നിർമ്മാണ അളവുകൾ ചട്ടത്തിൽ പറയുന്നില്ലെന്നും ആയതിനാൽ വീടുകൾക്കും വാണിജ്യാവശ്യങ്ങൾക്കുള്ള നിർമ്മാണങ്ങൾക്കും അനുമതി നല്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**<u>അദാലത്ത് സമിതി തീരുമാനം</u>**

1993 ലെ ഭൂ പതിവ് ചട്ട പ്രകാരം ലഭിച്ച ഭൂമിയിൽ വലിയ കെട്ടിടങ്ങൾ നിർമ്മിയ്ക്കുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടെന്നും 121.1 ച.മീ വിസ്തീർണ്ണമുള്ള പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള (A2 പാർപ്പിട വിഭാഗം)കെട്ടിടം സ്വന്തം ആവശ്യത്തിനുമാത്രമായി ഉപയോഗിക്കാൻ

വേണ്ടിയുള്ളതായി കണക്കാക്കാവുന്നതല്ലെന്നും,ആയതിനാൽ അനുമതി നല്കാൻ കഴിയില്ലെന്നും കമ്മറ്റി വിലയിരുത്തി. റവന്യൂ (യു) വകുപ്പിന്റെ18.10.2025 തിയതിയിലെ സ.ഉ(കൈ)നം.308/2025/RD ഉത്തരവിൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം പരിഗണിയ്ക്കാതെ ഭൂ പതിവ് അനുവദിയ്ക്കുന്നതിന് ഉത്തരവ് നല്കിയിട്ടുള്ള സാഹചര്യത്തിൽ ടി ഉത്തരവ്സ്വന്തം താമസത്തിനല്ലാതെ ഉപയോഗിയ്ക്കുന്നതിനുള്ളപ്രത്യേക പാർപ്പിടങ്ങൾക്ക് ബാധകമാക്കാമോയെന്ന കാര്യത്തിൽ അവ്യക്തത നിലനില്ക്കുന്നതിനാൽ ഉയർന്ന ഭരണതലത്തിൽ നിന്നുമുള്ള സ്പഷ്ടീകരണം വേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

16.10.2025 ലെ G.O(P)No. 418/2025/RD ചട്ട ഭേദഗതി ഉത്തരവിൽ വിവിധ ഭൂപതിവ് നിയമങ്ങൾ ഭേദഗതി ചെയ്തും 07.06.2024 ന് മുമ്പുള്ളതുമായ നിർമ്മാണങ്ങൾക്ക് ഇളവനുവദിച്ചും,ചട്ടലംഘനങ്ങൾ ക്രമീകരിച്ചും സർക്കാർ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.ചട്ടലംഘനങ്ങൾ ക്രമപ്പെടുത്തി നല്കുന്നതിന് പ്രവർത്തന മാനദണ്ഡങ്ങൾ (SOP) ആവിഷ്കരിച്ചു വരികയുമാണ്. പ്രസ്തുത SOP യുടെ ഉള്ളടക്കംപ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാലും,മേൽപ്രകാരംപ്രസിദ്ധീകരിച്ചിട്ടുള്ള ചട്ടവ്യവസ്ഥകളിൽ സ്വന്തംതാമസത്തിനല്ലാത്ത(A2 പാർപ്പിട വിഭാഗം) വാസഗൃഹങ്ങൾക്ക് കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി നല്കുന്നതു സബന്ധിച്ച് അവ്യക്തത നിലനില്ക്കുന്നതിനാലും പ്രസ്തുത കെട്ടിട നിർമ്മാണ അപേക്ഷയിലുള്ള തീരുമാനം ജില്ലാ അദാലത്തിന്റെ പരിഗണയ്ക്കും ,തീരുമാനത്തിനും സമർപ്പിയ്ക്കുന്നതിന് ശുപാർശ ചെയ്ത് തദ്ദേശ സ്വയംഭരണവകുപ്പ്- ഇടുക്കി ഉപജില്ല സിറ്റിസൺ അദാലത്ത്-2 **നെടുങ്കണ്ടം** തീരുമാനിച്ചു.

പരാതി ജില്ലാ അദാലത്തിന്റെ പരിഗണയ്ക്കും ,തീരുമാനത്തിനും സമർപ്പിയ്ക്കുന്നതിന് ശുപാർശ ചെയ്ത് വിവരം പരാതിക്കാരനെയും ഗ്രാമ പഞ്ചായത്തിനെയും അറിയിക്കുന്നതാണ്.

JOSEPH T.F
PEN - 717811
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala - 685603

കൺവീനർ -(സിറ്റിസൺ അദാലത്ത്)
ഇന്റേണൽ വിജിലൻസ് ഓഫീസർ (യൂണിറ്റ്-2)
തദ്ദേശ സ്വയംഭരണവകുപ്പ്-ഇടുക്കി